# 5-11 പ്രായക്കാർക്കുള്ള Pfizer അടിയന്തിര ഉപയോഗ അനുമതി ഗൈഡ്

2021 ഒക്ടോബർ 21-ന്, 5-11 വയസ് പ്രായത്തിലുള്ളവർക്കുള്ള Pfizer and BioNTech-ന്റെ കോവിഡ്-19 വാക്സിന് ഫുഡ് ആന്റ് ഡ്രഡ് അഡ്മിനിസ്ട്രേഷനിൽ നിന്ന് അടിയന്തിര ഉപയോഗ അനുമതി (EUA) ലഭിക്കുകയും രോഗ നിയന്ത്രണ, പ്രതിരോധ കേന്ദ്രങ്ങൾ അതിന്റെ ഉപയോഗം സ്ഥിരീകരിക്കുകയും ചെയ്തിട്ടുണ്ട്.

- ഞങ്ങളുടെ വാക്സിൻ ധർമ്മ പ്രവർത്തനത്തിൽ ഇതൊരു മഹത്തായ നാഴികക്കല്ലാണെന്നിരിക്കെ, രക്ഷിതാക്കളിൽ 25%-ലും സ്വൽപം അധികം പേർ മാത്രമേ തങ്ങളുടെ 5-11 പ്രായത്തിലുള്ള കുട്ടികളെ "ഉടനടി" വാക്സിനേറ്റ് ചെയ്യുമെന്ന് സൂചിപ്പിച്ചിട്ടുള്ളൂ. നവംബർ 15 മുതൽ, 12 വയസിൽ താഴെയുള്ള 3.64 ദശലക്ഷത്തിലധികം കുട്ടികൾ കോവിഡ്-19 വാക്സിന്റെ ഒറ്റ ഡോസ് സ്വീകരിച്ചിട്ടുണ്ട്. (സ്രോതസ്: CDC)
- 5-11 പ്രായത്തിലുള്ള കുട്ടികൾക്കുള്ള Pfizer-BioNTech വാക്സിന്റെ ഉപയോഗത്തിന് FDA അനുമതി നൽകിയതും CDC അതിന്റെ ഉപയോഗത്തിന് ശുപാർശ ചെയ്തതും കർശനമായ ടെസ്റ്റിംഗിനും അവലോകനത്തിനും ശേഷമാണ്. ട്രയലിന്റെ സമൃദ്ധമായ ഫലങ്ങളുടെ അടിസ്ഥാനത്തിൽ, വാക്സിൻ സുരക്ഷിതവും ഫലപ്രദവും ആണെന്ന് FDA -യും CDC-യും പ്രഖ്യാപിച്ചിട്ടുണ്ട്.
- മുതിർന്നവർക്കും കൗമാരക്കാർക്കും നൂറുകണക്കിന് ദശലക്ഷം ഡോസുകൾ നൽകിയ ശേഷം, ദീർഘകാല പാർശ്വ ഫലങ്ങളുടെ യാതൊരു സംഭവങ്ങളും Pfizer വാക്സിൻ ഇന്നുവരെ കാണിച്ചിട്ടില്ല. ഇത് മുതിർന്നവർക്ക് സുരക്ഷിതവും ഫലപ്രദവുമാണെന്ന് ഞങ്ങൾക്കറിയാം – കുട്ടികൾക്കും അങ്ങനെയാകും എന്നറിയുന്നതിൽ ഞങ്ങൾക്ക് സന്തോഷിക്കാം. (സ്രോതസ്: CDC)

## പതിവ് ചോദ്യങ്ങൾ

- എന്റെ കുട്ടിക്ക് വാക്സിൻ നൽകുന്നത് എങ്ങനെയാണ്, എവിടെ വെച്ചാണ്?

- ○ നിരവധി ശിശുരോഗവിദഗ്ധരുടെ ക്ലിനിക്കുകളിലും ഫാമിലി പ്രാക്ടീസ് ക്ലിനിക്കുകളിലും, പ്രാദേശിക ആരോഗ്യ വകുപ്പുകളിലും, സാമൂഹ്യ ആരോഗ്യ കേന്ദ്രങ്ങളിലും, ഫാർമസികളിലും, സ്കൂൾ അധിഷ്ഠിത ആരോഗ്യ കേന്ദ്രങ്ങളിലും വാക്സിൻ ലഭ്യമാക്കപ്പെടുന്നതാണ്. ചില പ്രദേശങ്ങളിലെ ലഭ്യത റൂറൽ ഹെൽത്ത് ക്ലിനിക്കുകൾ, നാറ്റീവ് ഹവായിയൻ ഹെൽത്ത് സെന്ററുകൾ, ഫെഡറൽ ഗവണ്മെന്റ് യോഗ്യതയുള്ള ആരോഗ്യ കേന്ദ്രങ്ങൾ എന്നിവടങ്ങളിലായേക്കാം. ചില സ്കൂളുകളിലും കുടുംബങ്ങൾക്കുള്ള വാക്സിനുകൾ ലഭ്യമായേക്കാം. താൽപ്പര്യമുള്ളവരുടെ തള്ളിക്കയറ്റം കൈകാര്യം ചെയ്യാനുള്ള സംവിധാനങ്ങൾ ദാതാക്കൾ ഒരുക്കുമ്പോൾ ക്ഷമയോടെ നിലകൊള്ളാൻ ഞങ്ങൾ ഏവരെയും പ്രോത്സാഹിപ്പിക്കുകയാണ്. നിങ്ങൾക്ക് പോകാനാവുക എവിടെയാണെന്ന് നോക്കുന്നതിന് നിങ്ങളുടെ പതിവ് മെഡിക്കൽ ദാതാവ്, **Vaccines.gov**, പ്രാദേശിക ആരോഗ്യ ഡിപ്പാർട്ട്മെന്റ് മുതലായവയെ ബന്ധപ്പെടുക.

- കുട്ടികളുടെയും മുതിർന്നവരുടെയും വാക്സിനുകൾ തമ്മിലുള്ള വ്യത്യാസം എന്തൊക്കെയാണ്?
  - ○ 5-11 പ്രായത്തിലുള്ള കുട്ടികൾക്ക് നൽകുന്നത് കൗമാരക്കാർക്കും മുതിർന്നവർക്കും നൽകുന്നതിന്റെ മൂന്നിലൊന്ന് ഡോസാണ്. 5 മുതൽ 11 വയസ് വരെ പ്രായമുള്ള ഒരു കുട്ടിയുടെ രോഗപ്രതിരോധ സംവിധാനത്തിന്റെ സുരക്ഷയും ഫലപ്രാപ്തിയും സംതുലിതമാക്കാനുള്ള ഡോസാണ് തിരഞ്ഞെടുത്തത്. വാക്സിന്റെ ഡോസ് ശരീരഭാര പ്രകാരമല്ല, മറിച്ച് രോഗപ്രതിരോധ സംവിധാനത്തിന്റെ പ്രായ പ്രകാരമാണ്. (സ്രോതസ്: CDC)

- എന്റെ കുട്ടിയുടെ പ്രത്യുൽപ്പാദനശേഷിയെ കോവിഡ്-19 വാക്സിൻ ബാധിക്കുമോ?
  - ○ ഇല്ല. കോവിഡ്-19 വാക്സിനുകൾ ഉൾപ്പെടെയുള്ള ഏതെങ്കിലും വാക്സിനുകളുടെ ഒരു പാർശ്വ ഫലം പ്രത്യുൽപ്പാദന പ്രശ്നങ്ങളാണെന്നതിന് തെളിവ് ഒന്നുമില്ല. ആളുകൾ കോവിഡ്-19 വാക്സിൻ എടുക്കണമെന്ന് അമേരിക്കൻ കോളേജ് ഓഫ് ഒബ്സ്റ്റെട്രിക്സ് ആന്റ് ഗൈനക്കോളജി, അമേരിക്കൻ

സൊസൈറ്റി ഫോർ റീപ്രൊഡക്ടീവ് മെഡിസിൻ (ഫെർട്ടിലിറ്റി സ്പെഷലിസ്റ്റുകൾ) എന്നിവ രണ്ടും ശക്തമായി ശുപാർശ ചെയ്യുന്നുണ്ട്. (സ്രോതസ് ACOG)

- മറ്റ് കുത്തിവയ്പ്പുകളുടെ അതേസമയത്ത് തന്നെ എന്റെ കുട്ടിക്ക് കോവിഡ്-19 വാക്സിൻ എടുക്കാനാവുമോ?
    - ഉവ്വ്! പതിവ് ശൈശവ രോഗപ്രതിരോധശേഷി വർദ്ധന കുത്തിവയ്പ്പുകളും ഫ്ലൂ കുത്തിവയ്പ്പുകളും കോവിഡ്-19 വാക്സിന്റെ അതേ സമയത്ത് എടുക്കാമെന്നാണ് CDC, അമേരിക്കൻ അക്കാദമി ഓഫ് പീഡിയാട്രിക്സ് എന്നിവ പറയുന്നത്. (സ്രോതസ്: CDC)
- കുട്ടികളിലെ വാക്സിന്റെ ദീർഘകാല പാർശ്വ ഫലങ്ങൾ എന്തൊക്കെയാണ്? വാക്സിൻ സുരക്ഷിതമാണെന്ന് നമുക്ക് എങ്ങനെ ഉറപ്പിക്കാനാവും?
    - മറ്റ് വാക്സിനുകൾക്കുള്ളത് പോലെ, കൈ വേദനയും പനിയും പോലുള്ള ഹ്രസ്വ കാല പാർശ്വ ഫലങ്ങൾ ഈ വാക്സിനും ഉണ്ടാകുമെന്നാണ് പ്രതീക്ഷിക്കുന്നത്. നൂറുകണക്കിന് ദശലക്ഷം മുതിർന്നവർക്ക് ഏതാണ്ട് ഒരു വർഷം വാക്സിൻ നൽകിയ ശേഷവും ദീർഘകാല പാർശ്വ ഫലങ്ങൾ ഞങ്ങൾ കണ്ടിട്ടില്ല, കോവിഡ്-19-ന് എതിരെയുള്ള പരിരക്ഷണം ലഭ്യമാക്കുന്നതിന് പുറമെ കുട്ടികളിൽ ദീർഘകാല പാർശ്വ ഫലങ്ങൾ കാണുമെന്ന് ഞങ്ങൾ പ്രതീക്ഷിക്കുന്നുമില്ല. (സ്രോതസ്: CDC)
- എന്റെ കുട്ടിക്ക് വാക്സിൻ നൽകുന്നതിന്റെ പ്രയോജനങ്ങൾ അപകടസാധ്യതകളെ കടത്തിവെട്ടുമോ?
    - ഉവ്വ്. വാക്സിനുകളോട് കടുത്ത അലർജിപര പ്രതികരണം പ്രകടിപ്പിക്കാത്ത അഞ്ച് വയസ് മുതലുള്ള എല്ലാ കുട്ടികൾക്കും അമേരിക്കൻ അസോസിയേഷൻ ഓഫ് പീഡിയാട്രിക്സ് കോവിഡ്-19 വാക്സിൻ ശുപാർശ ചെയ്യുകയാണ്. മയോകാർഡിറ്റിസ് എന്നറിയപ്പെടുന്ന ഹൃദയ വീക്കത്തിന്റെ വളരെ വിരളമായ സംഭവങ്ങളുടെ കാര്യത്തിൽ, ഡോക്ടർമാരുടെയും ശാസ്ത്രജ്ഞരുടെയും ഒരു സ്വതന്ത്ര പാനൽ ശ്രദ്ധാപൂർവം ഡാറ്റ വിശകലനം ചെയ്യുകയും കുട്ടികളിൽ

കോവിഡ്-19 വാക്സിനുമായി ബന്ധപ്പെട്ട അപകടസാധ്യതകൾ കോവിഡ്-19 ബാധിക്കുന്നതുവഴി സൃഷ്ടിക്കപ്പെടുന്ന അപകടസാധ്യതയേക്കാൾ വളരെ കുറവാണെന്ന് സമ്മതിക്കുകയും ചെയ്തിട്ടുള്ളതാണ്. കോവിഡ്-19 ബാധിക്കുന്നതിന്റെ മൊത്തം അപകടസാധ്യത വാക്സിനിൽ നിന്ന് ഉണ്ടാകാൻ സാധ്യതയുള്ള ഏത് പാർശ്വ ഫലത്തേക്കാളും വലുതാണെന്നും അവർ സമ്മതിച്ചിട്ടുണ്ട്. (സ്രോതസ്: CDC)

This publication was made possible by cooperative agreement CDC-RFA-IP21-2106 from the Centers for Disease Control and Prevention of the U.S. Department of Health and Human Services (HHS). Its contents are solely the responsibility of the authors and do not necessarily represent the official views of CDC/HHS.

നിങ്ങളുടെ ഓമനകളെ കോവിഡ്-19-ൽ നിന്ന് പരിരക്ഷിക്കാനുള്ള സ്രോതസുകളുടെയും വിവരങ്ങളുടെയും ഒരു വിശാല വൈവിധ്യത്തിന് apiahf.org-ഉം madetosave.org-ഉം സന്ദർശിക്കുക.